"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലെ അന്യത്ര സേവനം - ശ്രീമതി ഷീബ പി.-യുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.339/2026/LBR　　തീയതി,തിരുവനന്തപുരം, 02-03-2026

---

പരാമർശം:-
1. 10/05/2013-ലെ 42/2013/ധന നമ്പർ സർക്കുലർ.
2. 19/02/2024-ലെ സ.ഉ.(സാധാ) നമ്പർ 212/2024/തൊഴിൽ.
3. 04/03/2025-ലെ സ.ഉ.(സാധാ) നമ്പർ 292/2025/തൊഴിൽ.
4. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 07/02/2026-ലെ TWWFB/CEO/352/2024-B1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കോഴിക്കോട് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന പട്ടികവർഗ്ഗ വികസന വകുപ്പിൽ വയനാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ മാനേജർ ആയ ശ്രീമതി ഷീബ പി.-യുടെ അന്യത്ര സേവന കാലാവധി മൂന്നാം തവണ ദീർഘിപ്പിച്ചു നൽകുന്നതിന് ടി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (4) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിലെ വയനാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ മാനേജർ/ജൂനിയർ സൂപ്രണ്ട്/ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലുള്ള ശ്രീമതി ഷീബ പി.-

യുടെ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കോഴിക്കോട് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലെ അന്യത്ര സേവന കാലാവധി, അന്യത്ര സേവന നിയമനം സംബന്ധിച്ച നിലവിലെ ചട്ടങ്ങൾക്കും പരാമർശം (1) സർക്കുലറിലെ നിബന്ധനകൾക്കും വിധേയമായി, **05/03/2026** മുതൽ ഒരു വർഷത്തേയ്ക്കു കൂടി (മൂന്നാം തവണ) ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമ്യാ കുമാരി എൽ

അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (**02/02/2026**-ലെ **E/E1/8981/2023/STDD** നമ്പർ കത്ത് പ്രകാരം).

ശ്രീമതി ഷീബ പി., മോഡൽ റസിഡൻഷ്യൽ സ്കൂൾ മാനേജർ/ജൂനിയർ സൂപ്രണ്ട്/ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ (കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖാന്തരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഐ. & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ).

സംഭരണ ഫയൽ / ഓഫീസ് കോപ്പി (നമ്പർ **LBRD-H1/28/2026-LBRD**).

ഉത്തരവിൻ പ്രകാരം

Signed by
Abhilash R P
Date: 02-03-2026 15:55:35

സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്.

തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്.